**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **08-12-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിലെ തോട്ടഭൂമിയുടെ സർവെ നമ്പരുകളും വിസ്തീർണ്ണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ, എടക്കര വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന പാലുണ്ടയിലുള്ള നിലമ്പൂർ റബ്ബർ കമ്പനിയുടെ പേരിലുള്ള തോട്ടഭൂമിയുടെ സർവെ നമ്പരുകളും വിസ്തീർണ്ണവും ഉടമസ്ഥാവകാശവും, കെ.എൽ.ആർ. ആക്ട് പ്രകാരമുള്ള ഭൂമിയുടെ സ്റ്റാറ്റസ്, കൈവശം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കുമോ; | (എ) | നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ വില്ലേജിൽ ബ്ലോക്ക് 95ൽ റീസർവ്വേ 342/1ൽ 47.5875 ഹെക്ടറും റീസർവ്വേ 342/4ൽ 7.5500 ഹെക്ടറും കൂടിയുള്ള സ്ഥലമാണ് റവന്യൂ രേഖകൾ പ്രകാരം ഉള്ളത്. ഈ ഭൂമി ബി.ടി.ആർ പ്രകാരം നിലമ്പൂർ തച്ചറക്കാവിൽ ശ്രീ മാനവിക്രമൻ തിരുമുൽപ്പാട് എന്നും കൈവശ രജിസ്റ്ററിൽ നിലമ്പൂർ റബ്ബർ എസ്റ്റേറ്റ് എന്നും കാണുന്നു. |
| (ബി) | പ്രസ്തുത ഭൂമിയുടെ അവകാശങ്ങളോ കൈവശമോ പോക്കുവരവോ ആയി ബന്ധപ്പെട്ട് ഏതെങ്കിലും കേസ്സുകൾ നിലനിൽക്കുന്നുണ്ടോയെന്നും പ്രസ്തുത തോട്ടഭൂമിയിലെ തേക്ക് ഉൾപ്പെടെയുള്ള വിളയല്ലാത്ത മറ്റ് മരങ്ങളിൽ സംസ്ഥാന സർക്കാരിനോ കേന്ദ്ര സർക്കാരിനോ അവകാശമുണ്ടോ എന്നും അറിയിക്കുമോ; | (ബി) | ചുങ്കത്തറ വില്ലേജിൽ പാലുണ്ട നിലമ്പൂർ റബ്ബർ കമ്പനി ലിമിറ്റഡ് കൈവശ രജിസ്റ്റർ പ്രകാരം തോട്ടഭൂമി എന്ന രേഖപ്പെടുത്തിയ പ്രദേശം തുണ്ടുകളായി മുറിച്ച് വിറ്റ് തരം മാറ്റിയതിനാൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരമുള്ള ഭൂപരിധി ഇളവിന് അർഹമല്ലാതായിത്തീർന്ന സാഹചര്യത്തിൽ സീലിംഗ് കേസ് പുനഃപരിശോധിക്കണം എന്ന് ചുങ്കത്തറ വില്ലേജ് ഓഫീസർ താലൂക്ക് ലാന്റ് ബോർഡ് മുൻപാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സീലിംഗ് കേസ് പുനഃപരിശോധിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ലാന്റ് ബോർഡിൽ നടന്നുവരുന്നു. |
| (സി) | പാലുണ്ട-മുണ്ടേരി റോഡിൽ കാട്ടിച്ചിറ എന്ന സ്ഥലത്ത് നിലമ്പൂർ റബ്ബർ കമ്പനിയുടെ ഉടമസ്ഥതയിലുള്ള റബ്ബർ തോട്ടത്തിൽ നിന്നും തേക്ക് മരങ്ങൾ മുറിക്കുന്നതിന് അനുമതി നൽകുന്നതിനായി വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നിലമ്പൂർ തഹസിൽദാർക്ക് 07.06.2022 തീയതിയായി നൽകിയ ആർ.ഒ.വി-എ-633/19 നമ്പർ കത്തിന്മേൽ നിലമ്പൂർ തഹസിൽദാർ സ്വീകരിച്ച നടപടികളും നൽകിയ മറുപടിയും അറിയിക്കുമോ; നടപടി സ്വീകരിച്ചിട്ടില്ലായെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (സി) | വഴിക്കടവ് ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ നൽകിയ കത്തിന് സ്ഥലപരിശോധന നടത്തി മറുപടി നൽകുന്നതിന് ചുങ്കത്തറ, എടക്കര വില്ലേജ് ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ